(ബി) ഹാബിറ്റാറ്റ് സെന്റർ പദ്ധതിയുടെ feasibility cum Demand Assessment Study-യുടെ അടിസ്ഥാനത്തിൽ ഇവിടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സമുച്ചയങ്ങളുടെ എസ്റ്റിമേറ്റ് തുക 47.12 കോടി രൂപയാണ്. 2,94,800 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. കൺവെൻഷൻ സെന്റർ, ഹോട്ടൽ, ക്ലബ്ബ്, ഓഫീസ് കോംപ്ലക്സ്, ബിസിനസ്സ് ആവശ്യങ്ങൾക്കായുള്ള സ്ഥലസൗകര്യം, ഫുഡ്കോർട്ട് മുതലായവ ഹാബിറ്റാറ്റ് സെന്റർ കെട്ടിടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി 2 ഘട്ടമായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നിർമ്മാണ കാലഘട്ടം 12 മാസവും മാർക്കറ്റിംഗ് 18 മാസവുമാണ്. ഹാബിറ്റാറ്റ് സെന്ററിന്റെ വിശദമായ ആർക്കിടെക്ച്ചറൽ പ്ലാനുകളും മറ്റും ഫൈനലൈസ് ചെയ്തിട്ടില്ലാത്തതിനാൽ വിശദമായ എസ്റ്റിമേറ്റും മറ്റു വിവരങ്ങളും അറിയിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

(സി) നിർമ്മാണം തുടങ്ങിയിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതിയുടെ 60.77 കോടി രൂപ പദ്ധതി ചെലവു വരുന്ന (ഭൂമി വില ഉൾപ്പെടെ) പ്രോജക്ട് റിപ്പോർട്ടും സംയുക്ത സംരംഭ കരാറിന്റെ കരടും, പദ്ധതി ഭൂമി ബോർഡിന് പതിച്ചു നൽകുന്നതിനും പിന്നീട് സംയുക്ത സംരംഭ കമ്പനിക്ക് കൈമാറുന്നതിന് ബോർഡിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവും നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 198, 199, 201, 203, 294, 205, 206, 207, 208, 210, 212, 213, 214, 215, 216, 217, 218, 219, 220, 221, 222, 226, 227, 228, 233, 235, 236, 261, 276, 277, 278, 279, 284, 285, 286, 287, 289, 295 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധ ക്ഷണിക്കൽ

(1) റേഷനരിയുടേയും ഗോതമ്പിന്റേയും വില വർദ്ധിപ്പിക്കാനും അളവ് കുറയ്ക്കാനുമുള്ള നടപടി പിൻവലിക്കണമെന്ന ആവശ്യം

ശ്രീ. ബിനോയ് വിശ്വം : സർ, കേരളത്തിലെ ഭക്ഷ്യസുരക്ഷയെ ബാധിക്കുന്ന ഗൗരവമേറിയ പ്രശ്നമാണ് ഈ സഭയുടെ മുമ്പിൽ ഞാൻ അവതരിപ്പിക്കുന്നത്. റേഷനരിയുടേയും ഗോതമ്പിന്റേയും അളവ് കുറയ്ക്കാനുള്ള നിർദ്ദേശം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുകയാണ്. എ.പി.എൽ. വിഭാഗക്കാരുടെ റേഷൻ വിതരണത്തിൽ വില കൂട്ടാനും നിർദ്ദേശം ഉണ്ടായിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ പുതിയൊരു നയത്തിന്റെ ഭാഗമായിട്ടാണ് ഈ നീക്കം ഉണ്ടായിരിക്കുന്നത്. സബ്സിഡി പാതകമാണെന്നാണ് ഗവൺമെന്റ് പറയുന്നത്. എന്തോ അശ്ലീല പദം കേൾക്കും പോലെയാണ് കേന്ദ്രത്തിൽ പലരും ഇപ്പോൾ ആ വാക്ക് കേൾക്കുന്നത്. 4,524 കോടി രൂപയുടെ സബ്സിഡി വെട്ടിക്കുറയ്ക്കാൻ വേണ്ടിയുള്ള നീക്കത്തിന്റെ ഭാഗമായിട്ടാണ് റേഷനരിയുടെ കഴുത്തിന് പിടിക്കാനുള്ള നീക്കം ഉണ്ടായിരിക്കുന്നത്. ശരിക്കുപറഞ്ഞാൽ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ജനങ്ങളെ ബാധിക്കുന്ന ഒരു നീക്കമാണെങ്കിൽപോലും ഏറ്റവും അധികം ബാധിക്കുന്നത് നമ്മുടെ കേരളത്തെയാണ്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് 35 കിലോ ഭക്ഷ്യധാന്യം ലഭിച്ചുവരുന്നത് 30 കിലോ ആക്കി കുറയ്ക്കുമെന്നാണ് ഗവൺമെന്റ് ഇപ്പോൾ പറയുന്നത്. അതുപോലെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ ഭക്ഷ്യധാന്യ ലഭ്യത 35 കിലോയിൽനിന്നും 20 കിലോ ആയി കുറയ്ക്കാനും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ ഇന്നത്തെ ഒരു കിലോയ്ക്കുള്ള അരിയുടെ വില 8.30 രൂപയിൽനിന്നും 9.15 രൂപയായി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ഉണ്ടായിക്കഴിഞ്ഞു. ഗോതമ്പിന്റെ വില 6.10 രൂപയിൽനിന്നും 7.50 രൂപയാക്കി വർദ്ധിപ്പിക്കാനുമുള്ള നീക്കത്തിലാണ് കേന്ദ്രം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. ശരിക്കുപറഞ്ഞാൽ കേരളത്തിലേക്ക് എത്തുമ്പോൾ കടത്തുകൂലി, ഹാന്റ്‌ലിംഗ് ചാർജ്ജ് ഇതെല്ലാം ഉൾപ്പെടുത്തിക്കഴിയുമ്പോൾ 60 പൈസ വീണ്ടും കൂടും എന്നുപറഞ്ഞ് കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യധാന്യ സുരക്ഷിതത്വത്തിന്റെ മേൽ ഏറ്റവും വലിയ ആഘാതം ഏൽപ്പിക്കുന്നവിധത്തിൽ ജനദ്രോഹ നടപടിയുടെ ഭാഗമായിട്ടാണ് കേന്ദ്രഗവൺമെന്റ് ഇപ്പോൾ ഈ നയം കൊണ്ടുവന്നിരിക്കുന്നത്. ഇന്നത്തെ പ്രത്യേക രാഷ്ട്രീയ പരിതഃസ്ഥിതിയിൽ കേന്ദ്രത്തിന് യു.പി.എ. ഗവൺമെന്റിന് മേലുള്ള പ്രത്യേക സ്വാധീനത്തിന്റെ ഫലമായി താൽകാലികമായി ഈ തീരുമാനം മരവിപ്പിക്കാം എന്നാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്. ഇടതുപക്ഷവുമായി സംസാരിച്ച് അവർ കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കഴിഞ്ഞാൽ ഈ വർദ്ധനവ് നടപ്പിലാക്കുമെന്നാണ് ശ്രീ. പ്രണബ് മുഖർജി പറഞ്ഞത്. തുടക്കത്തിലെ പറയട്ടെ, കേന്ദ്രത്തിന്റെ ഈ നയത്തിലെ മാറ്റം ഞങ്ങൾക്കെന്തായാലും ബോധ്യപ്പെടാൻ പോകുന്നില്ല. ഭക്ഷ്യ സബ്‌സിഡിയുടെ മേലുള്ള ഈ കൈകടത്തൽ അനുവദിക്കപ്പെടാൻ പോകുന്നില്ല. അതുകൊണ്ട് ഇതിനെതിരെ കേരളത്തിലെ ഗവൺമെന്റിന്റെ നിലപാട് വേണം. റേഷൻ സമ്പ്രദായത്തിന് മേൽ കത്തിവയ്ക്കാനുള്ള നീക്കത്തിനുമേൽ ഇടതുപക്ഷം മാത്രമല്ല എഐ.സി.സി.-യും പ്രമേയം പാസാക്കിയിട്ടുണ്ട്. കെ.പി.സി.സി. പ്രസിഡന്റ് നിവേദനം കൊടുത്തിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയത് ഭക്ഷ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഈ കാര്യം ഉന്നയിച്ചു എന്നാണ്. അതുകൊണ്ട് ഇടതുപക്ഷത്തെ പറഞ്ഞ് ബോധ്യപ്പെടുത്തിയിട്ടുണ്ട് റേഷന്റെ മേൽ പിടിമുറുക്കാനുള്ള കേന്ദ്രനീക്കം അനുവദിക്കാൻ പാടില്ല. എനിക്ക് പറയാനുള്ളത് ഇക്കാര്യത്തിൽ നമുക്ക് നിലപാട് വേണം. ഈ സഭ ചിന്തിക്കുന്നത് എങ്ങനെയാണെന്ന് കേന്ദ്രം അറിയാൻ ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. അതുകൊണ്ട് എന്റെ അഭിപ്രായം ഇന്നത്തെ പ്രത്യേക അവസ്ഥയിൽ ഇന്ദ്ധ്യയിൽ ഭക്ഷ്യസ്ഥിതി വല്ലാത്ത അപകടത്തിൽ നീങ്ങുന്ന മുന്നറിയിപ്പുകൾ ഉണ്ടായി കഴിഞ്ഞിട്ടുണ്ട്. കണക്കുകളൊക്കെ പറയുന്നത് ഗൗരവതരമായ കാര്യമാണ്. സ്വയംപര്യാപ്തയായി എന്നൊക്കെ പറയുന്നെങ്കിൽപ്പോലും നമ്മൾ ഇക്കഴിഞ്ഞ കൊല്ലം 5 ലക്ഷം ടൺ ഗോതമ്പ് ഇംപോർട്ട് ചെയ്തവരാണ്. അതുപോലെ അരിയുടെ ഉൽപ്പാദനം വർദ്ധിക്കുന്നില്ല. ഈ ചുറ്റുപാടിൽ റേഷൻ ഇല്ലാതെയായാൽ ഉണ്ടാകാൻ പോകുന്ന സ്ഥിതി ദുരവസ്ഥയായിരിക്കും. പതിനെ പട്ടിണി മരണങ്ങൾ ആയിരിക്കും, അതിന്റെ ഭീകരത വലുതായിരിക്കും. അതുകൊണ്ട് ഇത് നമ്മൾ ലാഘവബുദ്ധിയോടെ കാണേണ്ട കാര്യമല്ല. കേന്ദ്രം പല വിഷയങ്ങളിലും കാണിക്കുന്ന ലാഘവബുദ്ധി ഇവിടെയും അനുവദിക്കാൻ പാടില്ല. നമ്മുടെ പദ്ധതിയുടെ അപ്രോച്ച് രേഖ പറയുന്നുണ്ട്. അത് പറയുന്നത് എന്തെന്നുവച്ചാൽ ഗൗരവത്തോടുകൂടി നിന്നില്ലെങ്കിൽ റേഷൻ സിസ്റ്റം തകർന്നു പോകുമെന്നാണ്. കാരണം റേഷൻ സമ്പ്രദായത്തിന്റെ വിതരണത്തിൽ പാലിക്കേണ്ട അടിസ്ഥാന മര്യാദകൾ പാലിക്കാത്ത പക്ഷം ഇന്നത്തെ രീതിയിൽ എ.പി.എൽ., ബി.പി.എൽ. വരെ ഇതുപോലെ പോയാൽ റേഷൻ ഷോപ്പുകളുടെ നിലനിൽപ്പുതന്നെ അപകടത്തിൽ ആകും. ആർക്കും

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ വേണ്ടാത്ത അവസ്ഥ വരും. അപ്രോച്ച് രേഖയിൽ ഇതെല്ലാം പരിഗണിച്ചു കൊണ്ടായിരിക്കണം സംസ്ഥാന ഗവൺമെന്റ് നിലപാട് സ്വീകരിക്കേണ്ടത്. സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്ത് ഔദ്യോഗിക പ്രമേയം പാസാക്കണം. Stand for rationing to continue. അത് കൃത്യമായി പറയുന്ന ഔദ്യോഗിക പ്രമേയം ഗവൺമെന്റ് മുൻകൈയെടുത്ത് ഐകകണ്ഠ്യേന പാസാക്കി എത്രയും വേഗം കേന്ദ്രഗവൺമെന്റിന് എത്തിച്ചു കൊടുക്കേണ്ട നീക്കം നടത്തണമെന്നാണ് ഞാൻ ഈ സഭയോട് അഭ്യർത്ഥിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹുമാനപ്പെട്ട ബിനോയ് വിശ്വം ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. നമ്മുടെ രാജ്യത്തിനാകെ മാതൃകയായ ഒരു പൊതുവിതരണ സമ്പ്രദായമാണ് 1965 മുതൽ കേരളത്തിൽ നിലനിൽക്കുന്നത്. 1997 മുതൽ കേന്ദ്ര സർക്കാർ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കിയത് സംസ്ഥാനത്തെ പൊതുവിതരണ രംഗത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കിയതോടുകൂടി സംസ്ഥാനത്തെ കുടുംബങ്ങളെ എ.പി.എൽ. ബി.പി.എൽ. എന്ന് തരംതിരിച്ചു. എ.പി.എൽ. വിഭാഗത്തിനുള്ള ഭക്ഷ്യധാന്യ സബ്സിഡി കേന്ദ്ര സർക്കാർ ഗണ്യമായി കുറച്ചതും പഞ്ചസാര വിതരണം എ.പി.എൽ വിഭാഗത്തിന് നിഷേധിച്ചതും എ.പി.എൽ. വിഭാഗത്തെ റേഷൻ കടകളിൽനിന്നും അകറ്റുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് എ.പി.എൽ./ബി.പി.എൽ. തരംതിരിവ് ഇല്ലാതെ യൂണിവേഴ്സൽ റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കണമെന്നുതന്നെയാണ് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് പലവട്ടം ആവശ്യപ്പെട്ടിട്ടുള്ളത്. ആ ആവശ്യം ഇപ്പോഴും നിലനിൽക്കുയാണ്. ഞാൻ ചുമതല ഏറ്റെടുത്തശേഷം കേന്ദ്ര മന്ത്രി വിളിച്ചുകൂട്ടിയ എല്ലാ യോഗങ്ങളിലും യൂണിവേഴ്സൽ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഇവിടെ തുടരുന്നതിന് അനുമതി വേണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള കാര്യമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യം അടുത്ത കാലത്ത് കേന്ദ്ര സർക്കാർ റേഷൻ അരിയുടേയും ഗോതമ്പിന്റേയും വില കൂട്ടാനും അളവ് കുറയ്ക്കുന്നതിനും ആലോചിക്കുന്നതായി പത്രത്തിൽ വാർത്തകൾ കാണാൻ ഇടയായി എന്നാണ്. അതുസംബന്ധിച്ച് യാതൊരു നിർദ്ദേശവും കേന്ദ്ര സർക്കാരിൽനിന്ന് ഇതുവരെയും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തീരുമാനങ്ങൾ കേന്ദ്ര സർക്കാർ തൽക്കാലത്തേക്ക് മരവിപ്പിച്ചിട്ടുണ്ടെന്ന് പത്രവാർത്ത കണ്ടു. ഈ പ്രശ്നം ഉണ്ടായതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ പോയപ്പോൾ ബഹുമാന്യനായ പ്രധാനമന്ത്രിയേയും കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയേയും നേരിട്ടുകണ്ട് ഈ പ്രശ്നങ്ങളുടെ ഗൗരവം രേഖാമൂലം അറിയിക്കുകയുണ്ടായി. റേഷൻ അരിയുടേയും ഗോതമ്പിന്റേയും വില കൂട്ടാനും അളവ് കുറയ്ക്കാനുമുള്ള ആലോചന പുനഃപരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം വളരെ കാര്യമായി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. അതു മാത്രമല്ല ഇക്കാര്യങ്ങളെ വളരെ ഗൗരവത്തോടുകൂടി എടുക്കുന്നതിന് എം.പി.-മാരുടെ ഒരു യോഗം വിളിച്ചു കൂട്ടിയപ്പോൾ ആ യോഗത്തിലും അവരോട് ഈ കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഇത്തരം തീരുമാനം എടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കുന്നുണ്ട്. ഇതിന്റെ പുനഃപരിശോധനയുണ്ടാകണം എന്ന് എം.പി.-മാരുടെ യോഗത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന, അങ്ങനെ എടുക്കാൻ പോകുന്നു എന്നുപറയുന്ന നിലപാട് ഒരു കാരണവശാലും സംസ്ഥാന ഗവൺമെന്റിന് അനുകൂലിക്കാൻ കഴിയുന്ന ഒന്നല്ല എന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു. അങ്ങയുടെ വികാരം ഞങ്ങൾ എല്ലാവരും ഏറ്റെടുത്തുകൊണ്ട് അതിനുള്ള നടപടികളുമായി മുന്നോട്ടുപോകും.

ശ്രീ. ബിനോയ് വിശ്വം: സർ, മന്ത്രിയുടെ മറുപടി ഏറ്റവും മിതമായി പറഞ്ഞാൽ തൃപ്തികരമല്ല. കാരണം സാർവ്വത്രികമായി റേഷനിംഗ് സിസ്റ്റം ഉള്ളത് കേരളത്തിൽ മാത്രമാണ്. ഇത് ചിലപ്പോൾ ഇല്ലാതായിപ്പോകും എന്ന ആശങ്ക ഉണ്ടായിരിക്കെ മന്ത്രി എന്ന് പറയപ്പെടുന്ന, കേൾക്കപ്പെടുന്ന, ആലോചിക്കപ്പെടുന്ന എന്നൊക്കെ പറഞ്ഞാൽ അർത്ഥം മനസ്സിലാകുന്നില്ല. കേന്ദ്രഗവൺമെന്റിന്റെ ഉത്തരവാദപ്പെട്ട തീരുമാനങ്ങൾ പലവട്ടം വ്യക്തമാക്കിക്കഴിഞ്ഞു. 4,565 കോടി രൂപയുടെ സബ്സിഡി വെട്ടിക്കുറയ്ക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി താൽക്കാലികമായ മരവിപ്പ് ഉണ്ടായിരിക്കുകയാണ്. അതിന് കാരണം, മന്ത്രി പറഞ്ഞ വാക്കാണ്. ഇടതുപക്ഷത്തെ പറഞ്ഞ് ബോധ്യപ്പെടുത്തിയിട്ട് നടപ്പിലാക്കും എന്നാണ് മന്ത്രി പറഞ്ഞത്. ഞാൻ പറയുന്നു ഞങ്ങൾക്ക് ഇത് ബോധ്യപ്പെടാൻ പോകുന്നില്ല. പക്ഷേ ഗവൺമെന്റിന് ബോധ്യപ്പെടുമോ? കേരളത്തിലെ മന്ത്രിയും ഗവൺമെന്റും പറയണം, ഞങ്ങൾക്ക് മാത്രമല്ല നിങ്ങൾക്കും ഇത് ബോധ്യപ്പെടണം എന്ന് പറയണം. ഇത് പറയാനുള്ള ആർജ്ജവം കാണിക്കണം. ഒറ്റക്കെട്ടായി കടക്കൽ കത്തി വയ്ക്കുന്ന ഏത് നീക്കത്തേയും ഈ കേരളം പിൻതാങ്ങില്ലെന്നുള്ള കാര്യം വ്യക്തമാക്കുംവിധം ഒരു സർവ്വകക്ഷി പ്രമേയം പാസാക്കാൻ മുൻകൈയെടുക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതാണ്.

ശ്രീ. അടൂർ പ്രകാശ് : സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിച്ചപ്പോൾ ഞാൻ വളരെ വ്യക്തമായിട്ടാണ് മറുപടി പറഞ്ഞത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം യാതൊരു വിധത്തിലുള്ള ഉരുണ്ടുകളിയും ഇതിനകത്തില്ല. Universal rationing system കേരളത്തിൽ നിലനിർത്തണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളതാണ്. അങ്ങ് ഒരു കാര്യംകൂടി ആലോചിക്കണം. 1-7-1997-ലാണ് Targeted Public Distribution System കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നത്. അപ്പോൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന കാലഘട്ടം മുതൽ Universal Public Distribution System നമുക്ക് ഇവിടെ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. യാതൊരു കാരണവശാലും അതിൽനിന്ന് വ്യതിചലിക്കാനോ റേഷനരി വെട്ടിക്കുറയ്ക്കുന്ന നടപടികളിലേക്ക് കേന്ദ്ര ഗവൺമെന്റ് പോകുന്നതോ ശരിയല്ല എന്നുള്ളതു കൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ പ്രശ്നത്തിന്റെ ഗൗരവം കണ്ടുകൊണ്ട് പ്രധാനമന്ത്രിയേയും അതുപോലെ ഭക്ഷ്യ വകുപ്പുമന്ത്രിയേയും നേരിട്ട് കണ്ട് ഇത് നടപ്പാക്കാൻ പാടില്ല എന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. തീർച്ചയായും ഈ സഭയുടെ വികാരം അതുതന്നെയാണ് എന്ന് പറയാൻ വീണ്ടും ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly